ഉത്തരം

(എ&ബി)

പ്രവർത്തനങ്ങൾ	ഇപ്പോഴത്തെ അവസ്ഥ
1. ശ്രീ. ദക്ഷിണാമൂർത്തി സ്വാമി മെമന്റോ മ്യൂസിയം കം കൾച്ചറൽ സെന്റർ പദ്ധതി	നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.
2. മുഴപ്പിലങ്ങാട് സെൻട്രൽ പാർക്ക് പദ്ധതി	പദ്ധതി പൂർത്തീകരിച്ചു.
3. ധർമ്മടം ബീച്ച് സെന്റർ പദ്ധതി	

ചാലിയാർ പുഴയുടെ ഫറോക്ക് ഭാഗത്ത് ബയോ പാർക്ക്

323 (1021) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്ക് പുതിയ പാലം മുതൽ പഴയ പാലംവരെയുള്ള ചാലിയാർ പുഴയുടെ ഫറോക്ക് ഭാഗം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോപാർക്ക് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; ഇല്ലെങ്കിൽ ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

വലിയപറമ്പ് പഞ്ചായത്തിലെ ടൂറിസം പദ്ധതികൾ

324 (1022) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വലിയപറമ്പ് പഞ്ചായത്തിൽ ടൂറിസം പദ്ധതികൾക്കായി കഴിഞ്ഞ സർക്കാർ പദ്ധതികൾ ആരംഭിച്ചിരുന്നുവെങ്കിലും ഈ സർക്കാർ തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

വലിയ പറമ്പ് പഞ്ചായത്തിൽ ടൂറിസം പദ്ധതികളൊന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടില്ല. കൂടാതെ പദ്ധതികൾ ആവിഷ്കരിക്കാനുള്ള സർക്കാർ സ്ഥലവും നിലവിൽ ലഭ്യവുമല്ല.

LIBRARY ARCHIVES Kerala Legislative Assembly